**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6694** **21-03-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ചിൽഡ്രൻസ് പാർക്കിൽ 36 ലക്ഷം രൂപ ചെലവിൽ കളിയുപകരണങ്ങൾ സ്ഥാപിക്കാനും അനുബന്ധ പ്രവൃത്തികൾക്കുമുള്ള ഭരണാനുമതി നൽകി. വാഴാനി ഡാമിലെ സംഗീത ജലധാര പദ്ധതിക്ക് 5.99 കോടി രൂപയുടെയും പൂമല ഇക്കോടൂറിസം വില്ലേജിന് 3.85 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.** |
| (ബി) | പുഴയ്ക്കൽ കോൾ ലാൻഡ് ടൂറിസം പദ്ധതി, ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ പഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | **പരിശോധിച്ച് വരുന്നു.** |

സെക്ഷൻ ഓഫീസർ